## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1946 05.10.2016 ൽ മറുപടിയ്ക്ക്**

## ബാവിക്കര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ:** | **മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) ഈ പദ്ധതിയുടെ പണി താത്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) ഈ പദ്ധതിക്കു വേണ്ടി നാളിതു വരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഈ പദ്ധതിയ്ക്കു വേണ്ടി നാളിതുവരെ 442.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യ കരാറുകാരനായ ശ്രീ.എം.എ.എ. ഹാരിസ് 277.42 ലക്ഷം രൂപയും രണ്ടാമത്തെ കരാറുകാരനായ ശ്രീ. കെ.മൊയ്തീൻകുട്ടി ഹാജി 164.83 ലക്ഷം രൂപയും കൈപ്പറ്റിയിട്ടുണ്ട്. |
| (സി) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് പ്രദേശത്തെ ആക്ഷൻ കമ്മിറ്റിയുമായി 2016 ജനുവരി 27-ന് മന്ത്രിതല ചർച്ച നടത്തിയിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) അതിലെ തീരുമാനങ്ങൾ എന്തൊക്കെ യായിരുന്നു വിശദാംശങ്ങൾ അറിയിക്കാമോ; ഈ തീരുമാനങ്ങളിൽ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ഇ) നിലവിലുള്ള സൈറ്റ് ഒഴിവാക്കി പുതിയ സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ നടത്താൻ വകുപ്പ് നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) & (ഇ) തീരുമാനങ്ങളടങ്ങിയ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു. മീറ്റിംഗിലെ തീരുമാന പ്രകാരം ബെഡ് ലെവൽ എടുക്കുകയും അതിന്റെ വിശദ വിവരങ്ങൾ IDRB ചീഫ് എഞ്ചിനീയർക്ക് നൽകുകയും ചെയ്തു. അടിത്തട്ട് ക്രമാതീതമായി താഴ്ന്നതിനാൽ ഇപ്പോൾ റെഗുലേറ്റർ പണി നടക്കുന്ന സ്ഥലത്ത് ബാക്കി പ്രവർത്തികൾ തുടരുന്ന കാര്യം നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുനഃപരിശോധിക്കണമെന്ന് IDRB നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**